പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 18

07.08.2017 ൽ
മറുപടി നൽകേണ്ടത്

| കാസർഗോഡ് പി.എസ്.സി. ജില്ലാ ഓഫീസ് പ്രവർത്തനം | | | |
|---|---|---|---|
| ചോദ്യം | | ഉത്തരം | |
| ശ്രീ. കെ. കുഞ്ഞിരാമൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | കാസർഗോഡ് പി.എസ്.സി. ജില്ലാ ഓഫീസ് വാടക കെട്ടിടത്തിലാണോ നിലവിൽ പ്രവർത്തിക്കുന്നത് ; | എ) | അതെ |
| ബി) | വാടകയിനത്തിൽ വർഷത്തിൽ പി.എസ്.സി.ക്ക് എത്ര രൂപ ചെലവഴിക്കേണ്ടിവരുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ; | ബി) | കാസറഗോഡ് ജില്ലാ ഓഫീസ് കെട്ടിടത്തിന് പ്രതിമാസം 99,191/- രൂപ (തൊണ്ണൂറ്റി ഒമ്പതിനായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) നിരക്കിൽ പ്രതിവർഷം 11,90,292/- രൂപ (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം) ആണ് ആകെ വാടകയിനത്തിൽ നൽകുന്നത്. |
| സി) | സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലയിൽ സ്ഥലം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | സി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാസർഗോഡ് ജില്ലാ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി 03.09.2016 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.496/2016/റവ., 13.02.2017 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.57/2017/റവ. എന്നിവ പ്രകാരം, കാസറഗോഡ് താലൂക്കിൽ കാസർഗോഡ് വില്ലേജിൽ റീ.സ.നം.210/pt ൽ പ്പെട്ട 8.09 നമ്പർ (20 സെന്റ്) സ്ഥലം സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ഡി) | എങ്കിൽ പ്രസ്തുത സ്ഥലത്ത് ജില്ലാ പി.എസ്.സി. ആസ്ഥാനം പണിയുന്നതിന് എന്തെങ്കിലും നടപടി ആയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | ഡി) | പ്രസ്തുത സ്ഥലത്ത് ഓൺലൈൻ പരീക്ഷാകേന്ദ്രം ഉൾപ്പെടെ കാസറഗോഡ് ജില്ലാ പി.എസ്.സി ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി 6 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയതായും പ്രസ്തുത തുക കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു.പി.എസ്.സി ചെയർമാന്റെ അർദ്ധ ഔദ്യോഗിക കത്ത് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിൻ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ